# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1900 — 08.12.2014 ലെ മറുപടിയ്ക്ക്

### സ്പോർട്ട്സ് ക്വാട്ട നിയമനം

ചോദ്യം — ഉത്തരം

ശ്രീ. സി.കൃഷ്ണൻ — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| സ്പോർട്ട്സ് ക്വാട്ട നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് സെലക്ഷൻ കമ്മറ്റി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും മുൻഗണനാ പോയിന്റുകൾ കണക്കാക്കുന്നത് എങ്ങനെയാണെന്നും വിശദമാക്കാമോ? | സ്പോർട്ട്സ് ക്വാട്ട നിയമനത്തിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലെ വ്യവസ്ഥകളും നിബന്ധനകളും അടിസ്ഥാനമാക്കിയാണ് സെലക്ഷൻ കമ്മറ്റി കായികതാരങ്ങളെ നിയമനത്തിനായി തെരഞ്ഞെടുക്കുന്നത്. അതുപ്രകാരം ഏറ്റവും അവസാനം സ്പോർട്സ് ക്വാട്ട നിയമനത്തിനായി സർക്കാർ പുറപ്പെടുവിച്ച 04.09.2010 തീയതിയിലെ 72859/എസ്.ഡി.1/2009/പൊ.ഭ.വ. നമ്പർ സർക്കാർ വിജ്ഞാപനത്തിലെ വ്യവസ്ഥകളും നിബന്ധനകളും പ്രകാരമാണ് 2006-08 & 2009 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി കായികതാരങ്ങളെ തെരഞ്ഞെടുത്തത്. |

(മറുപുറം)

| | |
|---|---|
| | സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ നിയമനത്തിനായി പരിഗണിക്കുന്ന കായികനേട്ടങ്ങളുടെ പട്ടിക മുൻഗണനാക്രമത്തിൽ പോയിന്റ് നല്കി പ്രസിദ്ധീകരിച്ചിട്ടുണ്ടാകും. സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി ഓരോ കായികതാരവും സമർപ്പിക്കുന്ന കായികരംഗത്തെ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റിന് പ്രസ്തുത പട്ടികയിൽ പറയുന്ന പോയിന്റ് നല്കും. ഇപ്രകാരം പോയിന്റ് നല്കിയതിന് ശേഷം ഓരോ കായികഇനത്തിനും നീക്കി വച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായി ഏറ്റവും ഉയർന്ന മുൻഗണനാപോയിന്റ് ലഭിച്ചിട്ടുള്ള കായികതാരങ്ങളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി കായികതാരങ്ങളെ നിയമനത്തിനായി പരിഗണിക്കുന്നു. |

സെക്ഷൻ ഓഫീസർ